പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1766

04.12.2015-ൽ മറുപടിക്ക്

## ഗ്രാമപഞ്ചായത്തുകളിലെ കെട്ടിടങ്ങൾക്ക് ഏകീകൃത തിരിച്ചറിയൽ നമ്പർ പ്ലേറ്റ് സ്ഥാപിക്കാനുള്ള തീരുമാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.ഇ.പി.ജയരാജൻ**<br>**,, കെ.വി.അബ്ദുൾ ഖാദർ**<br>**,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**<br>**,, കെ.കെ.നാരായണൻ** | | ഡോ: എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) | ഗ്രാമപഞ്ചായത്തുകളിലെ കെട്ടിടങ്ങൾക്ക് ഏകീകൃത തിരിച്ചറിയൽ നമ്പർ പ്ലേറ്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത് നഗരങ്ങളിലെ കെട്ടിടങ്ങൾക്ക് ബാധകമല്ലാത്തത് എന്തുകൊണ്ടാണ്; | (എ) | ഗ്രാമപഞ്ചായത്തുകളിലെ കെട്ടിടങ്ങൾക്ക് ഏകീകൃത തിരിച്ചറിയൽ നമ്പർ പ്ലേറ്റ് സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നഗരകാര്യ വകുപ്പിൽ നിന്നും ഇത്തരത്തിലുള്ള നിർദ്ദേശം ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ആവശ്യം ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ; | (ബി) | ഉണ്ട്. |
| (സി) | കാസർഗോഡ് ജില്ലാകമ്മിറ്റി ഇത്തരമൊരു ആവശ്യം ഉന്നയിക്കുകയും, വകുപ്പ് മന്ത്രി യോഗം വിളിച്ച് ചേർക്കുകയും ഉണ്ടായോ; എങ്കിൽ തീരുമാനം എന്തായിരുന്നു; | (സി) | ഗ്രാമപഞ്ചാത്തുകളിലെ കെട്ടിടങ്ങൾക്ക് ഏകീകൃത നമ്പർ പ്ലേറ്റ് പതിക്കണമെന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അസോസിയേഷനും കാസർഗോഡ് ജില്ലാക്കമ്മിറ്റിയും സർക്കാരിൽ നിവേദനം സമർപ്പിക്കുകയും ബഹു. പഞ്ചായത്തും. സാമൂഹ്യനീതിയും വകുപ്പ് മന്ത്രി 14.10.2014-ൽ ഇതു സംബന്ധിച്ച് ഒരു യോഗം വിളിച്ചു ചേർക്കുകയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ വീടുകളിൽ ഏകീകൃത സവിശേഷ തിരിച്ചറിയിൽ നമ്പർ (Unique Identification Number) പതിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

(ഡി) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ നിന്നും പ്ലേറ്റുകളുടെ ഗുണനിലവാരവും നിരക്കും പരിശോധിക്കാൻ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായോ; കമ്മിറ്റിയിൽ ധനകാര്യവകുപ്പിനെ പ്രതിനിധീകരിച്ച് ഉണ്ടായിരുന്നത് ആരാണ്;

(ഡി) 30.06.2015-ലെ സ.ഉ.(സാധാ) 1974/2015/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഏകീകൃത തിരിച്ചറിയൽ നമ്പർ പ്ലേറ്റുകളുടെ ഗുണനിലവാരം, നിരക്ക് എന്നിവ പരിശോധിക്കുവാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയിൽ ധനകാര്യ വകുപ്പിനെ പ്രതിനിധീകരിച്ച് അംഗങ്ങൾ ആരും ഉൾപ്പെട്ടിട്ടില്ല.

(ഇ) പ്രസ്തുത നടപടിയ്ക്കായി ടെണ്ടർ വിളിച്ചത് ഏത് തീയതിയിലായിരുന്നു; ടെണ്ടറിൽ ഏതെല്ലാം സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി; കാസർഗോഡ് ജില്ലയിൽ നിന്നുള്ള ഏതെങ്കിലും സ്ഥാപനം ടെണ്ടറിൽ പങ്കെടുക്കുകയുണ്ടായോ;

(ഇ) നിശ്ചിത മാതൃകയിലുള്ള നമ്പർ പ്ലേറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് സമർപ്പിക്കുന്നതിന് താൽപര്യമുള്ള കമ്പനികളിൽ നിന്നും Expression of Interest ആണ് ക്ഷണിച്ചിട്ടുള്ളത്. പ്ലേറ്റ് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടില്ല.

(എഫ്) ഏതെല്ലാം സ്ഥാപനങ്ങൾ എന്തു തുക വീതം ഒരു നമ്പർ പ്ലേറ്റിന് ക്വാട്ട് ചെയ്യുകയുണ്ടായി; കരാർ ഉറപ്പിച്ചത് ഏത് കമ്പനിയുമായാണ്; വിശദമാക്കുമോ;

(എഫ്) Expression of Interest ക്ഷണിച്ചതിൽ 9 കമ്പനികൾ താൽപര്യപത്രം സമർപ്പിച്ചിട്ടുണ്ട്. കരാർ നടപടികൾ ആയിട്ടില്ല.

(ജി) മൊത്തം എത്ര നമ്പർ പ്ലേറ്റുകൾ ആവശ്യമാണ്; സംസ്ഥാനത്തൊട്ടാകെയുള്ള പഞ്ചായത്തുകളിൽ ഇത് സ്ഥാപിക്കുന്നതിന് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയാണ്; നമ്പർ പ്ലേറ്റ് തയ്യാറാക്കുന്ന സ്ഥാപനത്തിന് എന്തു തുക നൽകേണ്ടതായി വരുമെന്നറിയിക്കുമോ?

(ജി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ആകെ 1 കോടി 40 ലക്ഷം കെട്ടിടങ്ങൾ ഉള്ളതായി ഐ.കെ.എം. മുഖേന കണക്കാക്കിയിട്ടുണ്ട്. ഈ കെട്ടിടങ്ങൾക്ക് പ്രസ്തുത എണ്ണം നമ്പർ പ്ലേറ്റ് ആവശ്യമാണ്. തുക കണക്കാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ